പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 338 12.01.2021 -ൽ മറുപടിക്ക്.

**ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം<br>**ശ്രീ. പി. സി. ജോർജ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഭക്ഷ്യകിറ്റ് വിതരണത്തിന് വേണ്ടി സർക്കാർ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ ; | (എ) ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്യുന്നതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. |
| (ബി) ഏത് ഫണ്ടിൽനിന്നുമാണ് ഇതിനുള്ള തുക കണ്ടെത്തുന്നത് ; | (ബി) കിറ്റ് വിതരണത്തിനായി നാളിതു വരെ അനുവദിച്ച തുകയിൽ 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി തുക വകുപ്പിന്റെ ബജറ്റ് ശീർഷകങ്ങളിലെ ബജറ്റ് പ്രൊവിഷൻ/ അഡീഷണൽ ആതറൈസേഷൻ മുഖേനയുമാണ് അനുവദിച്ചിരിക്കുന്നത് |
| (സി) പ്രഖ്യാപിച്ചിട്ടുള്ള ബാക്കി കിറ്റുകൾ കൂടി നല്കി കിറ്റുവിതരണം പൂർത്തീകരിക്കാൻ സർക്കാർ പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയാണ് എന്ന് വെളിപ്പെടുത്താമോ? | (സി) 2021 ജനുവരി മാസം മുതൽ ഏപ്രിൽ മാസം വരെ പ്രഖ്യാപിച്ചിട്ടുള്ള കിറ്റുകൾ വിതരണം നടത്തുന്നതിന് 1352 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**